ഭാരത സർക്കാർ

നിയമ മന്ത്രാലയം

# ഹിന്ദു പിൻതുടർച്ച ആക്റ്റ്, 1956
## (1956-ലെ 30-ാം നമ്പർ ആക്റ്റ്)

(2013 ഏപ്രിൽ 20-ാം തീയതി നിലവിലിരുന്ന പ്രകാരം)

# HINDU SUCCESSION ACT, 1956
## (Act No. 30 of 1956)

(As on 20th April, 2013)

വില : 38 രൂപ

©

യുണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സുപ്രണ്ടിനാൽ, തിരുവനന്തപുരം
ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ചത്, 2013.

## ആമുഖം

2013 ഏപ്രിൽ മാസം 20-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള ഹിന്ദു പിൻതുടർച്ച ആക്റ്റ്, 1956 (1956-ലെ 30-ാം ആക്റ്റ്)-ന്റെ മലയാളത്തിലുള്ള ആധികാരിക പാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2013 മേയ് 21-ാം തീയതിയിലെ കേന്ദ്ര അസാധാരണ ഗസറ്റ് XI-ാം ഭാഗം, I-ാം വകുപ്പ്, 1-ാം വാല്യം, 12-ാം നമ്പരായി 1 മുതൽ 16 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973 (1973-ലെ 50-ാം നമ്പർ ആക്റ്റ്)-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച്, ഭാരതത്തിന്റെ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അപ്രകാരം പ്രസിദ്ധീകരിച്ചതിന്മേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായിത്തീരുകയും ചെയ്തു.

പി. കെ. മൽഹോത്ര,
*ഭാരത സർക്കാരിന്റെ സെക്രട്ടറി.*

## PREFACE

This edition of the Hindu Succession Act, 1956 (Act No. 30 of 1956) as on 20th April, 2013 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, Section I, Vol. 1, No. 12, dated 21st May, 2013 on pages 1 to 16.

This authorised translation was published under the authority of the President of India under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 (Act No. 50 of 1973) and on such publication, it became the authoritative text of that Act in Malayalam.

P. K. MALHOTRA,
***Secretary to the Government of India.***

GCPT. 3/4007/2013.

# ഹിന്ദു പിൻതുടർച്ച ആക്റ്റ്, 1956

(1956-ലെ 30-ാം നമ്പർ ആക്റ്റ്)

ഉള്ളടക്കം

## അദ്ധ്യായം I

### പ്രാരംഭികം


| വകുപ്പുകൾ | | പേജ് |
|---|---|---|
| 1. | ചുരുക്കപ്പേരും വ്യാപ്തിയും | 1 |
| 2. | ആക്റ്റിന്റെ ബാധകത | 1 |
| 3. | നിർവ്വചനങ്ങളും വ്യാഖ്യാനങ്ങളും | 2 |
| 4. | ആക്റ്റിന്റെ അധിപ്രഭാവം | 4 |


## അദ്ധ്യായം II

### മരണശാസനം കൂടാതെയുള്ള പിൻതുടർച്ച


| | | |
|---|---|---|
| 5. | ചില വസ്തുക്കൾക്ക് ആക്റ്റ് ബാധകമല്ലെന്ന് | 4 |
| 6. | കൂട്ടുദായ വസ്തുവിലെ അവകാശത്തിന്റെ സംക്രമണം | 4 |
| 7. | ഒരു തറവാടിന്റെയോ താവഴിയുടെയോ കുടുംബത്തിന്റെയോ കവരിന്റെയോ ഇല്ലത്തിന്റെയോ വസ്തുവിലുള്ള അവകാശത്തിന്റെ സംക്രമണം | 6 |
| 8. | പുരുഷന്മാരുടെ സംഗതിയിൽ പിൻതുടർച്ചയുടെ സാമാന്യ ചട്ടങ്ങൾ | 7 |
| 9. | പട്ടികയിലെ അനന്തരാവകാശികൾക്കിടയിലെ പിൻതുടർച്ചാക്രമം | 7 |
| 10. | പട്ടികയിലെ ക്ലാസ്സ് I-ൽ ഉള്ള അനന്തരാവകാശികൾക്കിടയിൽ വസ്തു വീതിക്കൽ | 7 |
| 11. | പട്ടികയിലെ ക്ലാസ്സ് II-ലെ അനന്തരാവകാശികൾക്കിടയിൽ വസ്തു വീതിക്കൽ | 8 |
| 12. | ജ്ഞാതികളുടെയും ബന്ധുക്കളുടെയും ഇടയിലുള്ള പിൻതുടർച്ചാക്രമം | 8 |
| 13. | ഡിഗ്രികൾ കണക്കാക്കൽ | 8 |
| 14. | ഒരു ഹിന്ദു സ്ത്രീയുടെ വസ്തു അവൾക്ക് പൂർണ്ണാവകാശമുള്ള വസ്തുവാണെന്ന് | 8 |
| 15. | ഹിന്ദു സ്ത്രീകളുടെ സംഗതിയിൽ പിൻതുടർച്ചയുടെ സാമാന്യ ചട്ടങ്ങൾ | 9 |
| 16. | ഹിന്ദു സ്ത്രീകളുടെ അനന്തരാവകാശികൾക്കിടയിലെ പിൻതുടർച്ചാക്രമവും വീതിക്കുന്ന രീതിയും | 9 |
| 17. | മരുമക്കത്തായ നിയമത്താലും അളിയസന്താന നിയമത്താലും അനുശാസിതരായ ആളുകളെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ | 10 |


### പിൻതുടർച്ച സംബന്ധിച്ച സാമാന്യ വ്യവസ്ഥകൾ


| | | |
|---|---|---|
| 18. | പൂർണ്ണ രക്തത്തിന് അർദ്ധരക്തത്തേക്കാൾ മുൻഗണനകിട്ടുമെന്ന് | 10 |
| 19. | രണ്ടോ അതിലധികമോ അനന്തരാവകാശികളുടെ പിൻതുടർച്ചയുടെ രീതി | 10 |

20. ഗർഭസ്ഥ ശിശുവിന്റെ അവകാശം 11

21. ഒരേ സമയത്തുള്ള മരണങ്ങളുടെ സംഗതികളിലുള്ള അനുമാനം 11

22. ചില സംഗതികളിൽ വസ്തു ആർജ്ജിക്കുന്നതിൽ മുൻഗണനാവകാശം 11

23. [വിട്ടുകളഞ്ഞത്]

24. [വിട്ടുകളഞ്ഞത്]

25. കൊലപാതകി അയോഗ്യനാക്കപ്പെട്ടിരിക്കുന്നു 12

26. മതപരിവർത്തനം ചെയ്ത ആളുടെ സന്തതികൾ അയോഗ്യരാക്കപ്പെട്ടിരിക്കുന്നു 12

27. അനന്തരാവകാശി അയോഗ്യനാകുമ്പോഴുള്ള പിൻതുടർച്ച 12

28. രോഗം, ന്യൂനത മുതലായവ അയോഗ്യരാക്കുകയില്ലെന്ന് 12

എസ്ചീറ്റ്

29. അനന്തരാവകാശികളുടെ അഭാവം 12

അദ്ധ്യായം III

**മരണപത്രപ്രകാരമുള്ള പിൻതുടർച്ച**

30. മരണപത്രപ്രകാരമുള്ള പിൻതുടർച്ച 12

അദ്ധ്യായം IV

**റദ്ദാക്കലുകൾ**

31. റദ്ദാക്കലുകൾ 13

പട്ടിക 13

# ഹിന്ദു പിൻതുടർച്ച ആക്റ്റ്, 1956

(1956-ലെ 30-ാം നമ്പർ ആക്റ്റ്)

ഹിന്ദുക്കൾക്കിടയിലെ മരണശാസനം കൂടാതെയുള്ള പിൻതുടർച്ച സംബന്ധിച്ച നിയമം ഭേദഗതി ചെയ്യുന്നതിനും ക്രോഡീകരിക്കുന്നതിനുമുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ ഏഴാം സംവത്സരത്തിൽ പാർലമെന്റ് താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

## അദ്ധ്യായം I

### പ്രാരംഭികം

1. ചുരുക്കപ്പേരും വ്യാപ്തിയും.—(1) ഈ ആക്റ്റിന് ഹിന്ദു പിൻതുടർച്ച ആക്റ്റ്, 1956 എന്ന് പേര് പറയാവുന്നതാണ്.

(2) ഇതിന് ജമ്മു-കാശ്മീർ സംസ്ഥാനം ഒഴികെ ഭാരതം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

2. ആക്റ്റിന്റെ ബാധകത.—(1) ഈ ആക്റ്റ്—

(ക) ഒരു വീരശൈവനോ ഒരു ലിംഗായത്തോ അല്ലെങ്കിൽ ബ്രഹ്മസമാജത്തിന്റെയോ പ്രാർത്ഥനാസമാജത്തിന്റെയോ ആര്യസമാജത്തിന്റെയോ ഒരു അനുയായിയോ ഉൾപ്പെടെ ഹിന്ദുമതത്തിന്റെ ഏതെങ്കിലും രൂപങ്ങളിലോ വികാസരൂപങ്ങളിലോ ഉള്ള മതംകൊണ്ട് ഹിന്ദുവായ ഏതെങ്കിലും ആളിനും ;

(ഖ) മതം കൊണ്ട് ബുദ്ധമതക്കാരനോ ജൈനനോ സിക്കുകാരനോ ആയ ഏതെങ്കിലും ആളിനും ;

(ഗ) മതം കൊണ്ട് മുസ്ലീമോ ക്രിസ്ത്യനോ പാർസിയോ ജൂതനോ അല്ലാത്ത മറ്റേതെങ്കിലും ആളിനും, അങ്ങനെയുള്ള ഏതെങ്കിലും ആളുകൾ, ഈ ആക്റ്റ് പാസ്സാക്കിയിട്ടില്ലായിരുന്നുവെങ്കിൽ ഇതിൽ കൈകാര്യം ചെയ്തിട്ടുള്ള ഏതെങ്കിലും വിഷയങ്ങൾ സംബന്ധിച്ച് ഹിന്ദു നിയമത്താലോ ആ നിയമത്തിന്റെ ഭാഗമായ ആചാരത്താലോ വഴക്കത്താലോ അനുശാസിതനാകുമായിരുന്നില്ലെന്ന് തെളിയിക്കാത്തപക്ഷവും, ബാധകമാകുന്നതാണ്.

വിശദീകരണം.—താഴെ പറയുന്ന ആളുകൾ മതംകൊണ്ട്, അതതുസംഗതിപോലെ, ഹിന്ദുക്കളോ ബുദ്ധമതക്കാരോ ജൈനരോ സിക്കുകാരോ ആകുന്നു:—

(ക) മാതാപിതാക്കൻമാർ രണ്ടുപേരും മതംകൊണ്ട് ഹിന്ദുക്കളോ ബുദ്ധമതക്കാരോ ജൈനരോ സിക്കുകാരോ ആയ, നിയമാനുസൃതമായ വേഴ്ചയിലുണ്ടായതോ നിയമവിരുദ്ധമായ വേഴ്ചയിലുണ്ടായതോ ആയ ഏതെങ്കിലും കുട്ടി;

(ഖ) മാതാപിതാക്കൻമാരിൽ ഒരാൾ മതംകൊണ്ട് ഹിന്ദുവോ ബുദ്ധമതക്കാരനോ ജൈനനോ സിക്കുകാരനോ ആയിരിക്കുകയും അങ്ങനെയുള്ള മാതാവോ പിതാവോ ഏത് ഗോത്രവർഗ്ഗത്തിലോ സമുദായത്തിലോ ഗ്രൂപ്പിലോ കുടുംബത്തിലോ പെട്ടതാണോ, അല്ലെങ്കിൽ പെട്ടതായിരുന്നുവോ, അതിലെ ഒരു അംഗമായി വളർത്തപ്പെടുകയും ചെയ്ത നിയമാനുസൃതമായ വേഴ്ചയിൽ ഉണ്ടായതോ നിയമവിരുദ്ധമായ വേഴ്ചയിലുണ്ടായതോ ആയ ഏതെങ്കിലും കുട്ടി;

GCPT. 3/4007/2013.

(ഗ) ഹിന്ദുമതത്തിലേക്കോ ബുദ്ധമതത്തിലേക്കോ ജൈനമതത്തിലേക്കോ സിക്കുമതത്തിലേക്കോ പരിവർത്തനം ചെയ്യുകയോ പുനഃപരിവർത്തനം ചെയ്യുകയോ ചെയ്ത ഏതെങ്കിലും ആൾ.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിൽ അടങ്ങിയ യാതൊന്നും, കേന്ദ്രസർക്കാർ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി മറ്റുവിധത്തിൽ നിർദ്ദേശിക്കാത്തപക്ഷം, ഭരണഘടനയുടെ 366-ാം അനുച്ഛേദം (25)-ാം ഖണ്ഡത്തിന്റെ അർത്ഥത്തിലുള്ള ഏതെങ്കിലും പട്ടികഗോത്രവർഗ്ഗത്തിലെ അംഗങ്ങൾക്ക് ബാധകമാകുന്നതല്ല.

(3) ഈ ആക്റ്റിന്റെ ഏതെങ്കിലും ഭാഗത്തിലുള്ള "ഹിന്ദു" എന്ന പദപ്രയോഗത്തിന്, അതിൽ ഏതൊരാൾക്കാണോ അയാൾ മതംകൊണ്ട് ഹിന്ദുവല്ലെങ്കിലും ഈ വകുപ്പിൽ അടങ്ങിയ വ്യവസ്ഥകളുടെ ബലത്തിൽ ഈ ആക്റ്റ് ബാധകമാകുന്നത്, അയാൾ ഉൾപ്പെടുന്നുവെന്നപോലെ അർത്ഥം കൽപ്പിക്കേണ്ടതാകുന്നു.

3. നിർവ്വചനങ്ങളും വ്യാഖ്യാനങ്ങളും.—(1) ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "ജ്ഞാതി"-രണ്ടാളുകൾ രക്തത്താലോ ദത്താലോ ആൺ വഴിയായി മാത്രം ബന്ധപ്പെട്ടവരാണെങ്കിൽ അവരിൽ ഒരാൾ മറ്റേ ആളുടെ "ജ്ഞാതി"യാണെന്ന് പറയപ്പെടുന്നു ;

(ഖ) "അളിയസന്താന നിയമം" എന്നാൽ ഈ ആക്റ്റ് പാസ്സാക്കിയിട്ടില്ലായിരുന്നുവെങ്കിൽ ഈ ആക്റ്റിൽ വ്യവസ്ഥയുള്ള വിഷയങ്ങൾ സംബന്ധിച്ച് 1949-ലെ മദ്രാസ് അളിയസന്താന ആക്റ്റി (1949-ലെ 9-ാം മദ്രാസ് ആക്റ്റ്)നാലോ ആചാരം വഴിയുള്ള അളിയസന്താന നിയമത്താലോ അനുശാസിതരാകുമായിരുന്ന ആളുകൾക്ക് ബാധകമാകുന്ന നിയമസമ്പ്രദായം എന്നർത്ഥമാകുന്നു ;

(ഗ) "ബന്ധു"-രണ്ടാളുകൾ രക്തത്താലോ ദത്താലോ ബന്ധപ്പെട്ടവരും എന്നാൽ ആൺവഴിയായി മാത്രമല്ലാതെ ബന്ധപ്പെട്ടവരുമാണെങ്കിൽ അവരിൽ ഒരാൾ മറ്റേ ആളുടെ "ബന്ധു" ആണെന്ന് പറയപ്പെടുന്നു ;

(ഘ) "ആചാരം","വഴക്കം" എന്നീ പദപ്രയോഗങ്ങൾ കൊണ്ട് തുടർച്ചയായും ഏകരൂപമായും ദീർഘകാലം ആചരിക്കപ്പെട്ടതുകൊണ്ട് ഏതെങ്കിലും തദ്ദേശപ്രദേശത്തെയോ ഗോത്രവർഗ്ഗത്തിലെയോ സമുദായത്തിലെയോ ഗ്രൂപ്പിലെയോ കുടുംബത്തിലെയോ ഹിന്ദുക്കളുടെ ഇടയിൽ നിയമത്തിന്റെ ബലം ലഭിച്ചിട്ടുള്ള ഏതെങ്കിലും ചട്ടം എന്ന് അർത്ഥമാക്കുന്നു :

എന്നാൽ ആ ചട്ടം സുനിശ്ചിതമായിട്ടുള്ളതും ന്യായരഹിതമോ പൊതുനയത്തിന് എതിരോ അല്ലാത്തതും ആയിരിക്കണം :

എന്നുമാത്രമല്ല ഒരു കുടുംബത്തിനു മാത്രം ബാധകമാകുന്ന ചട്ടത്തിന്റെ സംഗതിയിൽ ആ കുടുംബം അതു തുടരുന്നത് നിർത്തിയിരിക്കുവാൻ പാടില്ലാത്തതും ആകുന്നു.

(ങ) "പൂർണ്ണരക്ത"വും "അർദ്ധരക്ത"വും "ഏകോദരരക്ത"വും—

(i) രണ്ടാളുകൾ, ഒരു പൊതുപൂർവ്വികനിൽ നിന്ന് ഒരേ ഭാര്യ വഴിയുള്ള സന്തതികളാകുമ്പോൾ അവർ അന്യോന്യം പൂർണ്ണരക്തത്താൽ ബന്ധപ്പെട്ടവരെന്നും അവർ ഒരു പൊതുപൂർവ്വികനിൽ നിന്ന് വ്യത്യസ്ത ഭാര്യമാർ വഴിയുള്ള സന്തതികളാകുമ്പോൾ അന്യോന്യം അർദ്ധരക്തത്താൽ ബന്ധപ്പെട്ടവരെന്നും പറയപ്പെടുന്നു ;

(ii) രണ്ടാളുകൾ, ഒരു പൊതുപൂർവ്വികയ്ക്ക് വ്യത്യസ്ത ഭർത്താക്കൻമാർ വഴിയുള്ള സന്തതികളാകുമ്പോൾ അവർ അന്യോന്യം ഏകോദര രക്തത്താൽ ബന്ധപ്പെട്ടവരെന്ന് പറയപ്പെടുന്നു ;

വിശദീകരണം.—ഈ ഖണ്ഡത്തിൽ "പൂർവ്വികൻ" എന്നതിൽ പിതാവും "പൂർവ്വിക" എന്നതിൽ മാതാവും ഉൾപ്പെടുന്നു ;

(ച) "അനന്തരാവകാശി" എന്നാൽ മരണശാസനം കൂടാതെ മരിച്ച ആളുടെ വസ്തു ഈ ആക്റ്റിൻകീഴിൽ പിൻതുടർച്ചയായി ലഭിക്കുവാൻ അവകാശപ്പെട്ട പുരുഷനോ സ്ത്രീയോ ആയ ഏതൊരാളും എന്നർത്ഥമാകുന്നു ;

(ഛ) "മരണശാസനം കൂടാതെ മരിച്ച ആൾ"-ഏത് വസ്തു സംബന്ധിച്ചാണോ ഒരാൾ പ്രഭാവത്തിൽ വരാൻ സമർത്ഥതയുള്ള മരണപത്ര പ്രകാരമുള്ള വിനിയോഗം ചെയ്തിട്ടില്ലാത്തത്, ആ വസ്തു സംബന്ധിച്ച് അവനോ അവളോ മരണശാസനം കൂടാതെ മരിച്ചതായി കരുതപ്പെടുന്നു ;

(ജ) "മരുമക്കത്തായ നിയമം" എന്നാൽ—

(ക) ഈ ആക്റ്റ് പാസ്സാക്കപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ, ഈ ആക്റ്റിൽ വ്യവസ്ഥയുള്ള വിഷയങ്ങൾ സംബന്ധിച്ച 1932-ലെ മദ്രാസ് മരുമക്കത്തായം ആക്റ്റിനാലോ (1933-ലെ 22-ാം നമ്പർ മദ്രാസ് ആക്റ്റ്) തിരുവിതാംകൂർ നായർ ആക്റ്റിനാലോ (1100-ലെ 2) തിരുവിതാംകൂർ ഈഴവ ആക്റ്റിനാലോ (1101-ലെ 3) തിരുവിതാംകൂർ നാഞ്ചിനാട് വെള്ളാള ആക്റ്റിനാലോ (1101-ലെ 6) തിരുവിതാംകൂർ ക്ഷത്രിയ ആക്റ്റിനാലോ (1108-ലെ 7) തിരുവിതാംകൂർ കൃഷ്ണൻ വക മരുമക്കത്തായം ആക്റ്റിനാലോ (1115-ലെ 7) കൊച്ചി മരുമക്കത്തായം ആക്റ്റിനാലോ (1113-ലെ 33) കൊച്ചി നായർ ആക്റ്റിനാലോ (1113-ലെ 29) അനുശാസിതരാകുമായിരുന്ന ആളുകൾക്കോ ; അല്ലെങ്കിൽ

(ഖ) ഏത് സമുദായത്തിലെ അംഗങ്ങൾ ആണോ, 1956 നവംബർ 1-ാം തീയതിക്ക് തൊട്ടുമുൻപ് നിലവിലുണ്ടായിരുന്ന വിധമുള്ള തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തോ മദ്രാസ് സംസ്ഥാനത്തോ ധാരാളമായി അധിവാസം ചെയ്യുകയും ആ സമുദായം ഈ ആക്റ്റ് പാസ്സാക്കപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ, ഈ ആക്റ്റിൽ വ്യവസ്ഥയുള്ള വിഷയങ്ങൾ സംബന്ധിച്ച് പാരമ്പര്യം പെൺവഴിയായുള്ള ഏതെങ്കിലും അനന്തരാവകാശ സമ്പ്രദായത്താൽ അനുശാസിതരാകുമായിരിക്കുകയും ചെയ്യുന്നത്, ആ സമുദായത്തിൽപ്പെട്ട ആളുകൾക്കോ ബാധകമാകുന്ന നിയമസമ്പ്രദായം എന്നർത്ഥമാകുന്നു ; എന്നാൽ അതിൽ അളിയസന്താന നിയമം ഉൾപ്പെടുന്നതല്ല ;

(ഝ) "നമ്പൂതിരി നിയമം" എന്നാൽ ഈ ആക്റ്റ് പാസ്സാക്കപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ, ഈ ആക്റ്റിൽ വ്യവസ്ഥയുള്ള വിഷയങ്ങൾ സംബന്ധിച്ച് 1932-ലെ മദ്രാസ് നമ്പൂതിരി ആക്റ്റിനാലോ (1933-ലെ 21-ാം നമ്പർ മദ്രാസ് ആക്റ്റ്) 1113-ലെ കൊച്ചി നമ്പൂതിരി ആക്റ്റിനാലോ (1113-ലെ 17) 1106-ലെ തിരുവിതാംകൂർ മലയാള ബ്രാഹ്മണ ആക്റ്റിനാലോ (1106-ലെ 3) അനുശാസിതരാകുമായിരുന്ന ആളുകൾക്ക് ബാധകമാകുന്ന നിയമസമ്പ്രദായം എന്നർത്ഥമാകുന്നു ;

(ഞ) "ബന്ധപ്പെട്ട" എന്നാൽ നിയമാനുസൃതമായ കുലബന്ധത്താൽ ബന്ധപ്പെട്ട എന്നർത്ഥമാകുന്നു :

എന്നാൽ നിയമവിരുദ്ധമായ വേഴ്ചയിലുണ്ടായ കുട്ടികൾ അവരുടെ മാതാവുമായും അന്യോന്യവും ബന്ധപ്പെട്ടതായും അവരുടെ നിയമാനുസൃതമായ വേഴ്ചയിലുണ്ടായ സന്തതികൾ അവരുമായും അന്യോന്യവും ബന്ധപ്പെട്ടതായും കരുതപ്പെടുന്നതും ബന്ധം പ്രകടമാക്കുന്നതോ ഒരു ബന്ധുവിനെ സൂചിപ്പിക്കുന്നതോ ആയ ഏതെങ്കിലും പദത്തിന് അതനുസരിച്ച് അർത്ഥം കൽപ്പിക്കേണ്ടതുമാണ്.

(2) ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം, പുല്ലിംഗത്തെ സൂചിപ്പിക്കുന്ന വാക്കുകളിൽ സ്ത്രീകൾ ഉൾപ്പെടുന്നതായി കണക്കാക്കുവാൻ പാടുള്ളതല്ല.

4. ആക്റ്റിന്റെ അധിപ്രഭാവം.—(1) ഈ ആക്റ്റിൽ മറ്റുവിധത്തിൽ പ്രകടമായി വ്യവസ്ഥ ചെയ്തിട്ടുള്ളിടത്തൊഴികെ,—

(ക) ഈ ആക്റ്റിന്റെ പ്രാരംഭത്തിന് തൊട്ടുമുൻപ് പ്രാബല്യത്തിലിരുന്ന ഹിന്ദുനിയമത്തിന്റെ ഏതെങ്കിലും മൂലഗ്രന്ഥത്തിനോ ചട്ടത്തിനോ വ്യാഖ്യാനത്തിനോ അല്ലെങ്കിൽ ആ നിയമത്തിന്റെ ഭാഗമായ ഏതെങ്കിലും ആചാരത്തിനോ വഴക്കത്തിനോ ഈ ആക്റ്റിൽ വ്യവസ്ഥയുള്ള ഏതെങ്കിലും വിഷയം സംബന്ധിച്ച് പ്രഭാവമില്ലാതാകുന്നതാണ് ;

(ഖ) ഈ ആക്റ്റിന്റെ പ്രാരംഭത്തിന് തൊട്ടുമുൻപ് പ്രാബല്യത്തിലിരുന്ന മറ്റേതെങ്കിലും നിയമം, ഈ ആക്റ്റിൽ അടങ്ങിയ ഏതെങ്കിലും വ്യവസ്ഥകൾക്ക് അസംഗതമാകുന്നിടത്തോളം, ഹിന്ദുക്കൾക്ക് ബാധകമല്ലാതാകുന്നതാണ് ;

[1][(2)****]

## അദ്ധ്യായം II

### മരണശാസനം കൂടാതെയുള്ള പിൻതുടർച്ച

### സാമാന്യം

5. ചില വസ്തുക്കൾക്ക് ആക്റ്റ് ബാധകമല്ലെന്ന്.—ഈ ആക്റ്റ്—

(i) 1954-ലെ പ്രത്യേക വിവാഹ ആക്റ്റിന്റെ (1954-ലെ 43)-ന്റെ 21-ാം വകുപ്പിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾ കാരണമായി 1925-ലെ ഇന്ത്യൻ പിൻതുടർച്ച ആക്റ്റിനാൽ (1925-ലെ 39)നാൽ പിൻതുടർച്ച ക്രമപ്പെടുത്തപ്പെട്ടിട്ടുള്ള ഏതെങ്കിലും വസ്തുവിനും ;

(ii) ഭാരതത്തിലെ ഏതെങ്കിലും സംസ്ഥാനത്തിന്റെ ഭരണാധികാരിയും ഭാരതസർക്കാരും തമ്മിൽ ഏർപ്പെട്ട ഏതെങ്കിലും ഉടമ്പടിയുടെയോ കരാറിന്റെയോ നിബന്ധനകളാലോ ഈ ആക്റ്റിന്റെ പ്രാരംഭത്തിന് മുൻപ് പാസ്സാക്കപ്പെട്ട ഏതെങ്കിലും അധിനിയമത്തിലെ നിബന്ധനകളാലോ ഒരു ഏക അനന്തരാവകാശിക്ക് പാരമ്പര്യമായി കിട്ടുന്ന ഏതെങ്കിലും എസ്റ്റേറ്റിനും ;

(iii) കൊച്ചി മഹാരാജാവ് വിളംബരം ചെയ്ത 1949 ജൂൺ 29-ാം തീയതിയിലെ വിളംബരത്താൽ നൽകിയ അധികാരങ്ങൾ കാരണമായി പാലസ് അഡ്മിനിസ്ട്രേഷൻ ബോർഡിനാൽ ഭരിക്കപ്പെടുന്ന വലിയമ്മത്തമ്പുരാൻ കോവിലകം എസ്റ്റേറ്റിനും പാലസ് ഫണ്ടിനും, ബാധകമാകുന്നതല്ല.

[2][6. കൂട്ടുദായ വസ്തുവിലെ അവകാശത്തിന്റെ സംക്രമണം.—(1) 2005-ലെ ഹിന്ദു പിൻതുടർച്ച (ഭേദഗതി) ആക്റ്റിന്റെ പ്രാരംഭത്തിലും അത് മുതൽക്കും മിതാക്ഷര നിയമത്താൽ അനുശാസിക്കപ്പെടുന്ന ഒരു ഹിന്ദു കൂട്ടുകുടുംബത്തിലെ ഒരു കൂട്ടുദായകന്റെ പുത്രി,—

(ക) പുത്രനെപ്പോലെ അതേ രീതിയിൽ ജന്മനാ അവളുടെ സ്വന്തം അവകാശത്തിൽ ഒരു കൂട്ടുദായകയായിത്തീരുന്നതാണ് ;

(ഖ) അവൾ ഒരു പുത്രൻ ആയിരുന്നുവെങ്കിൽ അവൾക്കുണ്ടാകുമായിരുന്ന അതേ അവകാശങ്ങൾ കൂട്ടുദായവസ്തുവിൽ അവൾക്ക് ഉണ്ടായിരിക്കുന്നതാണ് ;

(ഗ) പ്രസ്തുത കൂട്ടുദായവസ്തുവിനെ സംബന്ധിച്ച് ഒരു പുത്രന് ഉള്ളതുപോലെതന്നെ സമാനമായ ബാദ്ധ്യതകൾക്ക് വിധേയമായിരിക്കുന്നതാണ്.

കൂടാതെ ഹിന്ദു മിതാക്ഷര കൂട്ടുദായകൻ എന്ന ഏതെങ്കിലും പരാമർശത്തിൽ ഒരു കൂട്ടുദായകന്റെ ഒരു പുത്രിയെക്കുറിച്ചുള്ള ഒരു പരാമർശം ഉൾപ്പെടുന്നതായി കരുതപ്പെടേണ്ടതാണ് :

---

1. 2005-ലെ 39-ാം ആക്റ്റ്, 2-ാം വകുപ്പുപ്രകാരം വിട്ടുകളഞ്ഞത്.
2. 2005-ലെ 39-ാം ആക്റ്റ്, 3-ാം വകുപ്പുപ്രകാരം കൂട്ടിച്ചേർത്തത്.

എന്നാൽ ഈ ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നുംതന്നെ 2004 ഡിസംബർ 20-ാം തീയതിക്കു മുൻപ് നടന്നിട്ടുള്ള ഏതെങ്കിലും ഭാഗംചെയ്യലോ അല്ലെങ്കിൽ മരണപത്ര പ്രകാരമുള്ള വിനിയോഗമോ ഉൾപ്പെടെയുള്ള വസ്തുവിന്റെ ഏതെങ്കിലുംവിനിയോഗത്തിനെയോ അന്യാധീനപ്പെടുത്തലിനെയോ ബാധിക്കുകയോ അസാധുവാക്കുകയോ ചെയ്യുന്നതല്ല.

(2) (1)-ാം ഉപവകുപ്പിന്റെ ബലത്തിൽ ഒരു ഹിന്ദു സ്ത്രീയുടെ അവകാശത്തിൽ വരുന്ന ഏതെങ്കിലും വസ്തു കൂട്ടുദായ ഉടമസ്ഥാവകാശത്തിന്റെ ആനുഷംഗിക സംഗതികളോടെ അവൾ കൈവശം വയ്ക്കേണ്ടതും ഈ ആക്റ്റിലോ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും അവളാൽ മരണപത്രപ്രകാരമുള്ള വിനിയോഗം വഴി കൈമാറ്റം ചെയ്യപ്പെടുവാൻ സാധ്യമായുള്ള വസ്തുവായി കണക്കാക്കേണ്ടതുമാണ്.

(3) 2005-ലെ ഹിന്ദു പിൻതുടർച്ച (ഭേദഗതി) ആക്റ്റ് നിലവിൽ വന്നതിനുശേഷം ഒരു ഹിന്ദു മരണപ്പെടുന്നിടത്ത്, മിതാക്ഷര നിയമത്താൽ അനുശാസിക്കപ്പെട്ട ഒരു ഹിന്ദു കൂട്ടുകുടുംബത്തിലെ വസ്തുവിലുള്ള അയാളുടെ അവകാശം അതിജീവത്വം വഴിയല്ലാതെ ഈ ആക്റ്റിൻകീഴിൽ മരണപത്ര പ്രകാരമുള്ളതോ അല്ലെങ്കിൽ മരണശാസനം കൂടാതെ ഉള്ളതോ ആയ പിൻതുടർച്ച വഴി, അതതു സംഗതിപോലെ, സംക്രമിക്കുന്നതും ഒരു ഭാഗം ചെയ്യൽ നടന്നിട്ടുണ്ട് എന്നതുപോലെയും,—

(ക) ഒരു പുത്രന് വീതംവച്ചിട്ടുള്ള അതേ ഓഹരി പുത്രിക്കും വീതം വച്ചിട്ടുള്ളതു പോലെയും ;

(ഖ) മുൻപ് മരിച്ച പുത്രന്റെ അല്ലെങ്കിൽ മുൻപ് മരിച്ച പുത്രിയുടെ, ഭാഗം ചെയ്യുന്ന സമയത്ത് അവർ ജീവിച്ചിരുന്നുവെങ്കിൽ അവർക്ക് ലഭിക്കുമായിരുന്ന ഓഹരി, അങ്ങനെയുള്ള മുൻപ് മരിച്ച പുത്രന്റെ അല്ലെങ്കിൽ അങ്ങനെയുള്ള മുൻപ് മരിച്ച പുത്രിയുടെ ജീവിച്ചിരിക്കുന്ന കുട്ടിക്ക് വീതം വച്ചിട്ടുള്ളതുപോലെയും ;

(ഗ) മുൻപ് മരിച്ച പുത്രന്റെയോ മുൻപ് മരിച്ച പുത്രിയുടെയോ മുൻപ് മരിച്ച കുട്ടിയുടെ, ഭാഗം ചെയ്യുന്ന സമയത്ത് അവൻ അല്ലെങ്കിൽ അവൾ ജീവിച്ചിരുന്നുവെങ്കിൽ അങ്ങനെയുള്ള കുട്ടിക്ക് ലഭിക്കുമായിരുന്ന ഓഹരി, അതതുസംഗതിപോലെ, മുൻപ് മരിച്ച പുത്രന്റെയോ മുൻപ് മരിച്ച പുത്രിയുടെയോ അങ്ങനെയുള്ള മുൻപ് മരിച്ച കുട്ടിയുടെ കുട്ടിക്ക് വീതം വച്ചിട്ടുള്ളതുപോലെയും,

കൂട്ടുദായ വസ്തു വിഭജിച്ചതായി കരുതപ്പെടേണ്ടതാണ്.

<u>വിശദീകരണം</u>.—ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്ക് ഒരു ഹിന്ദു മിതാക്ഷര കൂട്ടുദായിയുടെ അവകാശം, അയാളുടെ മരണത്തിന് തൊട്ടുമുൻപ് വസ്തുവിന്റെ ഭാഗം ചെയ്യൽ നടന്നിരുന്നുവെങ്കിൽ, ഭാഗം ചെയ്യൽ അവകാശപ്പെടാൻ അയാൾ അർഹനായിരുന്നാലും ഇല്ലെങ്കിലും, അയാൾക്ക് വീതം വയ്ക്കുമായിരുന്ന വസ്തുവിലെ ഓഹരിയായി കരുതപ്പെടുന്നതാകുന്നു.

(4) 2005-ലെ ഹിന്ദു പിൻതുടർച്ച (ഭേദഗതി) ആക്റ്റിന്റെ പ്രാരംഭത്തിനുശേഷം, ഒരു പുത്രനോ പൗത്രനോ പൗത്രന്റെ പുത്രനോ എതിരെ, അയാളുടെ പിതാവിൽ നിന്നോ മുത്തച്ഛനിൽ നിന്നോ മുതുമുത്തച്ഛനിൽ നിന്നോ കിട്ടാനുള്ള ഏതെങ്കിലും കടം ഈടാക്കുന്നതിലേക്കായി, അങ്ങനെയുള്ള ഏതെങ്കിലും കടം വീട്ടുന്നതിന് അങ്ങനെയുള്ള പുത്രനോ പൗത്രനോ പൗത്രന്റെ പുത്രനോ ഉള്ള, ഹിന്ദു നിയമത്തിൻകീഴിലെ ധാർമ്മികമായ കടമയുടെ കാരണത്താൽ മാത്രം, നടപടിയെടുക്കുന്നതിനുള്ള ഏതെങ്കിലും അവകാശം യാതൊരു കോടതിയും അംഗീകരിക്കുവാൻ പാടുള്ളതല്ല :

എന്നാൽ 2005-ലെ ഹിന്ദു പിൻതുടർച്ച (ഭേദഗതി) ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിനുമുൻപ് ഏർപ്പെട്ടിട്ടുള്ള ഏതെങ്കിലും കടത്തിന്റെ സംഗതിയിൽ, ഈ ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും—

(ക) പുത്രനോ പൗത്രനോ പൗത്രന്റെ പുത്രനോ എതിരെ, അതതുസംഗതിപോലെ, നടപടി എടുക്കുവാനുള്ള ഏതെങ്കിലും ഉത്തമർണ്ണന്റെ അവകാശത്തെയോ ; അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള ഏതെങ്കിലും കടം സംബന്ധിച്ചോ അല്ലെങ്കിൽ അതിന്റെ കൊടുത്തു തീർക്കലിനായോ നടത്തിയ ഏതെങ്കിലും അന്യാധീനപ്പെടുത്തലിനെയോ ബാധിക്കാത്തതും, കൂടാതെ അങ്ങനെയുള്ള ഏതെങ്കിലും അവകാശം അല്ലെങ്കിൽ അന്യാധീനപ്പെടുത്തൽ 2005-ലെ ഹിന്ദു പിൻതുടർച്ച (ഭേദഗതി) ആക്റ്റ് അധിനിയമം ചെയ്തിട്ടില്ലായിരുന്നുവെങ്കിൽ നടപ്പാക്കുമായിരുന്ന അതേരീതിയിലും അതേ വ്യാപ്തിയിലും ധാർമ്മിക കടമയുടെ ചട്ടത്തിൻകീഴിൽ നടപ്പാക്കേണ്ടതുമാണ്.

വിശദീകരണം.—(ക) ഖണ്ഡത്തിന്റെ ആവശ്യങ്ങൾക്കായി "പുത്രൻ", "പൗത്രൻ", അല്ലെങ്കിൽ "പൗത്രന്റെ പുത്രൻ" എന്ന പദപ്രയോഗം 2005-ലെ ഹിന്ദു പിൻതുടർച്ച (ഭേദഗതി) ആക്റ്റിന്റെ പ്രാരംഭത്തിന് മുൻപ് ജനിച്ചതോ അല്ലെങ്കിൽ ദത്തെടുത്തതോ ആയ, അതതുസംഗതിപോലെ, പുത്രനോ പൗത്രനോ പൗത്രന്റെ പുത്രനോ ഉള്ള പരാമർശമായി കരുതപ്പെടേണ്ടതാണ്.

(5) ഈ വകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നുംതന്നെ 2004 ഡിസംബർ 20-ാം തീയതിക്കുമുൻപ് നടത്തപ്പെട്ടിട്ടുള്ള ഭാഗം ചെയ്യലിന് ബാധകമായിരിക്കുന്നതല്ല.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി "ഭാഗം ചെയ്യൽ" എന്നാൽ 1908-ലെ രജിസ്ട്രേഷൻ ആക്റ്റിൻ (1908-ലെ 16) കീഴിൽ യഥാവിധി രജിസ്റ്റർ ചെയ്ത് ഒപ്പിട്ടു പൂർത്തീകരിച്ചിട്ടുള്ള ഭാഗപത്രപ്രകാരം നടത്തിയിട്ടുള്ള ഏതെങ്കിലും ഭാഗം ചെയ്യലെന്നോ ഒരു കോടതിയുടെ ഡിക്രിയാൽ പ്രഭാവത്തിൽ വരുത്തിയ ഭാഗം ചെയ്യലെന്നോ അർത്ഥമാകുന്നു.]

7. ഒരു തറവാടിന്റെയോ താവഴിയുടെയോ കുടുംബത്തിന്റെയോ കവരിന്റെയോ ഇല്ലത്തിന്റെയോ വസ്തുവിലുള്ള അവകാശത്തിന്റെ സംക്രമണം.—(1) ഈ ആക്റ്റ് പാസ്സാക്കിയിട്ടില്ലായിരുന്നുവെങ്കിൽ, മരുമക്കത്തായ നിയമമോ നമ്പൂതിരി നിയമമോ ബാധകമായിരിക്കുകയും, അതതുസംഗതിപോലെ, തറവാടിന്റെയോ താവഴിയുടെയോ ഇല്ലത്തിന്റെയോ വസ്തുവിൽ അവന്റെയോ അവളുടെയോ മരണസമയത്ത് അവകാശം ഉണ്ടായിരിക്കുകയും ചെയ്യുന്ന ഒരു ഹിന്ദു ഈ ആക്റ്റിന്റെ പ്രാരംഭത്തിനുശേഷം മരിക്കുമ്പോൾ, ആ വസ്തുവിലുള്ള അവന്റെയോ അവളുടെയോ അവകാശം ഈ ആക്റ്റിൻകീഴിൽ, അതതുസംഗതിപോലെ, മരണപത്രപ്രകാരമുള്ളതോ മരണശാസനം കൂടാതെയുള്ളതോ ആയ പിൻതുടർച്ച വഴി സംക്രമിക്കുന്നതും മരുമക്കത്തായ നിയമമോ നമ്പൂതിരി നിയമമോ അനുസരിച്ച് സംക്രമിക്കുന്നതല്ലാത്തതും ആകുന്നു.

വിശദീകരണം.—ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്ക് തറവാടിന്റെയോ താവഴിയുടെയോ ഇല്ലത്തിന്റെയോ വസ്തുവിലുള്ള ഒരു ഹിന്ദുവിന്റെ അവകാശം, അതതുസംഗതിപോലെ, തറവാടിലെയോ താവഴിയിലെയോ ഇല്ലത്തിലെയോ അപ്പോൾ ജീവിച്ചിരിക്കുന്ന എല്ലാ അംഗങ്ങൾക്കുമിടയിൽ അവന്റെയോ അവളുടെയോ മരണത്തിന് തൊട്ടുമുൻപ് വസ്തുവിന്റെ ആളോഹരിഭാഗംചെയ്യൽ നടന്നിരുന്നുവെങ്കിൽ, അവനോ അവൾക്കോ ബാധകമായ മരുമക്കത്തായ നിയമത്തിന്റെയോ നമ്പൂതിരി നിയമത്തിന്റെയോ കീഴിൽ അങ്ങനെയുള്ള ഭാഗം ചെയ്യലിന് അവകാശപ്പെടാൻ അവനോ അവൾക്കോ അവകാശമുണ്ടായിരുന്നാലും ഇല്ലെങ്കിലും, അതതുസംഗതിപോലെ, തറവാടിന്റെയോ താവഴിയുടെയോ ഇല്ലത്തിന്റെയോ വസ്തുവിൽ അവനോ അവൾക്കോ ലഭിക്കുമായിരുന്ന ഓഹരിയായി കരുതപ്പെടുന്നതും അങ്ങനെയുള്ള ഓഹരി അവനോ അവൾക്കോ പൂർണ്ണാവകാശത്തോടെ വീതംവയ്ക്കപ്പെട്ടതായി കരുതപ്പെടുന്നതും ആകുന്നു.

(2) ഈ ആക്റ്റ് പാസ്സാക്കിയിട്ടില്ലായിരുന്നുവെങ്കിൽ അളിയസന്താനനിയമം ബാധകമായിരിക്കുകയും, അതതുസംഗതിപോലെ, കുടുംബത്തിന്റെയോ കവരിന്റെയോ വസ്തുവിൽ അവന്റെയോ അവളുടെയോ മരണസമയത്ത് ഒരു അവിഭക്താവകാശം ഉണ്ടായിരിക്കുകയും ചെയ്യുന്ന ഒരു ഹിന്ദു, ഈ ആക്റ്റിന്റെ പ്രാരംഭത്തിനുശേഷം മരിക്കുമ്പോൾ, ആ വസ്തുവിലുള്ള അവന്റെയോ അവളുടെയോ അവകാശം ഈ ആക്റ്റിൻകീഴിൽ, അതതുസംഗതിപോലെ, മരണപത്രപ്രകാരമുള്ളതോ മരണശാസനം കൂടാതെയുള്ളതോ ആയ പിൻതുടർച്ചവഴി സംക്രമിക്കുന്നതും അളിയസന്താന നിയമമനുസരിച്ച് സംക്രമിക്കുന്നതല്ലാത്തതും ആകുന്നു.

വിശദീകരണം.—ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി, കുടുംബത്തിന്റെയോ കവരിന്റെയോ വസ്തുവിലുള്ള ഒരു ഹിന്ദുവിന്റെ അവകാശം, അതതുസംഗതിപോലെ, കുടുംബത്തിലെയോ കവരിലെയോ അപ്പോൾ ജീവിച്ചിരിക്കുന്ന എല്ലാ അംഗങ്ങൾക്കുമിടയിൽ അവന്റെയോ അവളുടെയോ മരണത്തിന് തൊട്ടുമുൻപ്, വസ്തുവിന്റെ ആളോഹരി ഭാഗം ചെയ്യൽ നടന്നിരുന്നുവെങ്കിൽ, അളിയസന്താന നിയമത്തിൻകീഴിൽ അങ്ങനെയുള്ള ഭാഗം ചെയ്യലിന് അവകാശപ്പെടാൻ അവനോ അവൾക്കോ അവകാശമുണ്ടായിരുന്നാലും ഇല്ലെങ്കിലും, അതതുസംഗതിപോലെ, കുടുംബത്തിന്റെയോ കവരിന്റെയോ വസ്തുവിൽ അവനോ അവൾക്കോ ലഭിക്കുമായിരുന്ന ഓഹരിയായി കരുതപ്പെടുന്നതും അങ്ങനെയുള്ള ഓഹരി അവനോ അവൾക്കോ പൂർണ്ണാവകാശത്തോടെ വീതംവയ്ക്കപ്പെട്ടതായി കരുതപ്പെടുന്നതും ആകുന്നു.

(3) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിന്റെ പ്രാരംഭത്തിനുശേഷം ഒരു സ്ഥാനി മരിക്കുമ്പോൾ, അയാളുടെ കൈവശം ഇരിക്കുന്ന സ്ഥാനവസ്തു, സ്ഥാനിയുടെ മരണത്തിന് തൊട്ടുമുൻപ് സ്ഥാനവസ്തു അയാൾക്കും അപ്പോൾ ജീവിച്ചിരിക്കുന്ന അയാളുടെ എല്ലാ കുടുംബാംഗങ്ങൾക്കുമിടയിൽ ആളോഹരിയായി ഭാഗിച്ചിരുന്നാലെന്നപോലെ സ്ഥാനി അംഗമായ കുടുംബത്തിലെ അംഗങ്ങൾക്കും സ്ഥാനിയുടെ അനന്തരാവകാശികൾക്കും സംക്രമിക്കുന്നതും, സ്ഥാനിയുടെ കുടുംബാംഗങ്ങൾക്കും അനന്തരാവകാശികൾക്കും ലഭിക്കുന്ന ഓഹരികൾ പ്രത്യേക വസ്തുവായി അവരുടെ കൈവശം വയ്ക്കേണ്ടതുമാണ്.

വിശദീകരണം.—ഈ ആക്റ്റ് പാസ്സാക്കിയിട്ടില്ലായിരുന്നുവെങ്കിൽ ഏതെങ്കിലും ആചാരമോ വഴക്കമോ അനുസരിച്ച് സ്ഥാനിയുടെ സ്ഥാനത്തേക്ക് പിൻതുടരാൻ പുരുഷൻമാരായ അംഗങ്ങൾക്ക് അവകാശം ഉണ്ടായിരുന്ന ആ കുടുംബത്തിന്റെ ഏതൊരു ശാഖയും അത് വിഭക്തമോ അവിഭക്തമോ ആയിരുന്നാലും, ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി സ്ഥാനിയുടെ കുടുംബത്തിൽ ഉൾപ്പെടുന്നതാകുന്നു.

8. പുരുഷൻമാരുടെ സംഗതിയിൽ പിൻതുടർച്ചയുടെ സാമാന്യ ചട്ടങ്ങൾ.—മരണശാസനം കൂടാതെ മരിക്കുന്ന ഒരു ഹിന്ദുപുരുഷന്റെ വസ്തു,—

(ക) ഒന്നാമത്, പട്ടികയിലെ ക്ലാസ്സ് I-ൽ വിനിർദ്ദേശിച്ചിട്ടുള്ള സംബന്ധികളായ അനന്തരാവകാശികളിലേക്കും ;

(ഖ) രണ്ടാമത്, ക്ലാസ്സ് I-ൽ യാതൊരു അനന്തരാവകാശിയും ഇല്ലെങ്കിൽ പട്ടികയിലെ ക്ലാസ്സ് II-ൽ വിനിർദ്ദേശിച്ചിട്ടുള്ള സംബന്ധികളായ അനന്തരാവകാശികളിലേക്കും ;

(ഗ) മൂന്നാമത്, ഈ രണ്ടു ക്ലാസ്സുകളിൽ ഏതിലെങ്കിലുമുള്ള യാതൊരു അനന്തരാവകാശിയുമില്ലെങ്കിൽ, മരിച്ച ആളുടെ ജ്ഞാതികളിലേക്കും ;

(ഘ) അവസാനമായി, ജ്ഞാതികൾ ആരുമില്ലെങ്കിൽ മരിച്ച ആളുടെ ബന്ധുക്കളിലേക്കും ;

ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ അനുസരിച്ച് സംക്രമിക്കുന്നതാകുന്നു.

9. പട്ടികയിലെ അനന്തരാവകാശികൾക്കിടയിലെ പിൻതുടർച്ചാക്രമം.—പട്ടികയിൽ വിനിർദ്ദേശിച്ച അനന്തരാവകാശികൾക്കിടയിൽ, ക്ലാസ്സ് I-ൽ ഉള്ളവർ മറ്റെല്ലാ അനന്തരാവകാശികളെയും ഒഴിച്ചുനിറുത്തി ഒരുമിച്ച് എടുക്കുന്നതുംക്ലാസ്സ് II-ലെ ഒന്നാമത്തെ ഉൾക്കുറിപ്പിലുള്ളവർക്ക് രണ്ടാമത്തെ ഉൾക്കുറിപ്പിലുള്ളവരെക്കാൾ മുൻഗണന നൽകേണ്ടതും രണ്ടാമത്തെ ഉൾക്കുറിപ്പിലുള്ളവർക്ക് മൂന്നാമത്തെ ഉൾക്കുറിപ്പിലുള്ളവരെക്കാൾ മുൻഗണന നൽകേണ്ടതും ക്രമാനുസരണം തുടരുന്നതും ആകുന്നു.

10. പട്ടികയിലെ ക്ലാസ്സ് I-ൽ ഉള്ള അനന്തരാവകാശികൾക്കിടയിൽ വസ്തു വീതിക്കൽ.—മരണശാസനം കൂടാതെ മരിച്ച ആളുടെ വസ്തു പട്ടികയിലെ ക്ലാസ്സ് I-ലുള്ള അനന്തരാവകാശികൾക്കിടയിൽ താഴെപ്പറയുന്ന ചട്ടങ്ങൾ അനുസരിച്ച് വിഭജിക്കപ്പെടേണ്ടതാണ് :—

ചട്ടം 1—മരണശാസനം കൂടാതെ മരിച്ച ഒരാളുടെ വിധവയോ ഒന്നിലധികം വിധവകളുണ്ടെങ്കിൽ എല്ലാ വിധവകളും കൂടിയോ ഒരു ഓഹരി എടുക്കുന്നതാകുന്നു.

ചട്ടം 2—മരണശാസനം കൂടാതെ മരിച്ച ആളെ അതിജീവിക്കുന്ന പുത്രൻമാർ, പുത്രികൾ, മാതാവ് എന്നിവരിൽ ഓരോരുത്തരും ഒരു ഓഹരി വീതം എടുക്കുന്നതാകുന്നു.

ചട്ടം 3 —മരണശാസനം കൂടാതെ മരിച്ച ആളുടെ മുൻപ് മരിച്ച ഓരോ പുത്രന്റെയോ ഓരോ പുത്രിയുടെയോ ശാഖയിലുള്ള അനന്തരാവകാശികൾ എല്ലാവരുംകൂടി ഒരു ഓഹരി എടുക്കുന്നതാകുന്നു.

ചട്ടം 4 —മൂന്നാം ചട്ടത്തിൽ പരാമർശിച്ചിട്ടുള്ള ഓഹരി വീതിക്കൽ—

(i) മുൻപ് മരിച്ച പുത്രന്റെ ശാഖയിലെ അനന്തരാവകാശികൾക്കിടയിൽ, അയാളുടെ വിധവയ്ക്കും (അല്ലെങ്കിൽ എല്ലാ വിധവകൾക്കും കൂടി) അതിജീവിക്കുന്ന പുത്രൻമാർക്കും പുത്രികൾക്കും തുല്യമായ ഭാഗങ്ങളും അയാളുടെ മുൻപ് മരിച്ച പുത്രന്റെ ശാഖയ്ക്ക് അതേ ഭാഗവും കിട്ടത്തക്കവിധം ചെയ്യേണ്ടതാകുന്നു ;

(ii) മുൻപ് മരിച്ച പുത്രിയുടെ ശാഖയിലെ അനന്തരാവകാശികൾക്കിടയിൽ, അതിജീവിക്കുന്ന പുത്രൻമാർക്കും പുത്രിമാർക്കും തുല്യമായ ഭാഗങ്ങൾ കിട്ടത്തക്കവിധം ചെയ്യേണ്ടതാകുന്നു.

11. പട്ടികയിലെ ക്ലാസ്സ് II-ലെ അനന്തരാവകാശികൾക്കിടയിൽ വസ്തു വീതിക്കൽ.—മരണശാസനം കൂടാതെ മരിച്ച ആളുടെ വസ്തു, പട്ടികയിലെ ക്ലാസ്സ് II-ൽ ഏതെങ്കിലും ഒരു ഉൾക്കുറിപ്പിൽ, വിനിർദ്ദേശിച്ചിട്ടുള്ള അനന്തരാവകാശികൾ തമ്മിൽ അവർക്ക് തുല്യമായ ഓഹരി കിട്ടത്തക്കവിധം വിഭജിക്കേണ്ടതാകുന്നു.

12. ജ്ഞാതികളുടെയും ബന്ധുക്കളുടെയും ഇടയിലുള്ള പിൻതുടർച്ചാക്രമം.—ജ്ഞാതികളുടെയോ, അതതുസംഗതിപോലെ, ബന്ധുക്കളുടെയോ ഇടയിലുള്ള പിൻതുടർച്ചാക്രമം, ഇതിൻകീഴിൽ പ്രതിപാദിച്ചിട്ടുള്ള മുൻഗണനാ ചട്ടങ്ങൾ അനുസരിച്ച് നിശ്ചയിക്കേണ്ടതാകുന്നു :—

ചട്ടം 1—രണ്ട് അനന്തരാവകാശികളിൽ, ആരോഹണ പരമ്പരയിലെ ഡിഗ്രി കുറഞ്ഞതോ ഇല്ലാത്തതോ ആയ ആൾക്ക് മുൻഗണന നൽകേണ്ടതാണ്.

ചട്ടം 2—ആരോഹണ പരമ്പരയിലെ ഡിഗ്രി ഒന്നുതന്നെ ആയിരിക്കുകയോ ഇല്ലാതിരിക്കുകയോ ചെയ്യുന്നിടത്ത് അവരോഹണ പരമ്പരയിലെ ഡിഗ്രി കുറഞ്ഞതോ ഇല്ലാത്തതോ ആയ അനന്തരാവകാശിക്ക് മുൻഗണന നൽകേണ്ടതാണ്.

ചട്ടം 3—രണ്ട് അനന്തരാവകാശികളിൽ ആർക്കും 1-ാം ചട്ടത്തിന്റെയോ 2-ാം ചട്ടത്തിന്റെയോ കീഴിൽ മുൻഗണന നൽകപ്പെടാൻ അർഹതയില്ലാത്തിടത്ത്, അവർ ഒരുമിച്ച് എടുക്കുന്നു.

13. ഡിഗ്രികൾ കണക്കാക്കൽ.—(1) ജ്ഞാതികളുടെയോ ബന്ധുക്കളുടെയോ ഇടയിലുള്ള പിൻതുടർച്ചാക്രമം നിശ്ചയിക്കുന്നതിന്റെ ആവശ്യങ്ങൾക്ക് മരണശാസനം കൂടാതെ മരിച്ച ആളിൽനിന്ന് അനന്തരാവകാശിയിലേക്ക്, അതതുസംഗതിപോലെ, ആരോഹണ പരമ്പരയിലെ ഡിഗ്രികളിലോ അവരോഹണ പരമ്പരയിലെ ഡിഗ്രികളിലോ രണ്ടിലുംകൂടിയോ ബന്ധം കണക്കാക്കേണ്ടതാകുന്നു.

(2) ആരോഹണ പരമ്പരയിലെ ഡിഗ്രികളും അവരോഹണ പരമ്പരയിലെ ഡിഗ്രികളും മരണശാസനം കൂടാതെ മരിച്ച ആൾ ഉൾപ്പെടെ കണക്കാക്കേണ്ടതാകുന്നു.

(3) ഓരോ തലമുറയും ആരോഹണ പരമ്പരയിലെയോ അവരോഹണ പരമ്പരയിലെയോ ഒരു ഡിഗ്രിയാകുന്നതാണ്.

14. ഒരു ഹിന്ദു സ്ത്രീയുടെ വസ്തു അവൾക്ക് പൂർണ്ണാവകാശമുള്ള വസ്തുവാണെന്ന്.—(1) ഒരു ഹിന്ദു സ്ത്രീയുടെ കൈവശമുള്ള ഏതെങ്കിലും വസ്തു, അത് ഈ ആക്റ്റിന്റെ പ്രാരംഭത്തിനുമുൻപോ പിൻപോ ആർജ്ജിച്ചതായാലും, അവൾ അതിന്റെ പൂർണ്ണാവകാശമുള്ള ഉടമയാണെന്നും, പരിമിതാവകാശമുള്ള ഉടമയല്ലെന്നും ഉള്ള നിലയിൽ അവളുടെ കൈവശം വയ്ക്കേണ്ടതാണ്.

വിശദീകരണം.—ഈ ഉപവകുപ്പിൽ "വസ്തു" എന്നതിൽ ഒരു ഹിന്ദു സ്ത്രീ അനന്തരാവകാശം വഴിയോ മരണപത്രം വഴിയോ ഭാഗം ചെയ്യലിലോ സംരക്ഷണത്തുകയുടെ കുടിശ്ശികയ്ക്ക് പകരമായോ അല്ലെങ്കിൽ അവളുടെ വിവാഹത്തിനുമുൻപോ വിവാഹ സമയത്തോ വിവാഹത്തിനു പിൻപോ ഏതെങ്കിലും ആളിൽ നിന്ന്, അയാൾ സംബന്ധിയായാലും അല്ലെങ്കിലും, ദാനമായോ അല്ലെങ്കിൽ സ്വന്തം നൈപുണ്യത്താലോ പ്രയത്നത്താലോ ക്രയത്താലോ ചിരാനുഭോഗത്താലോ മറ്റേതെങ്കിലും രീതിയിലോ അത് ഏതായാലും, ആർജ്ജിച്ചിട്ടുള്ള ജംഗമവും സ്ഥാവരവുമായ വസ്തുവും, ഈ ആക്റ്റിന്റെ പ്രാരംഭത്തിനുതൊട്ടുമുൻപ് സ്ത്രീധനമായി അവൾ കൈവശം വച്ചിരുന്ന ഏതെങ്കിലും വസ്തുവും ഉൾപ്പെടുന്നതാകുന്നു.

(2) (1)-ാം ഉപവകുപ്പിൽ അടങ്ങിയ യാതൊന്നും, ദാനം വഴിയായോ, മരണശാസനത്തിന്റെയോ മറ്റേതെങ്കിലും പ്രമാണത്തിന്റെയോ കീഴിലോ സിവിൽ കോടതിയുടെ ഒരു വിധിയുടെയോ ഉത്തരവിന്റെയോ കീഴിലോ അവാർഡിൻകീഴിലോ ആർജ്ജിച്ചിട്ടുള്ള ഏതെങ്കിലും വസ്തുവിന്, ആ ദാനത്തിന്റെയോ മരണശാസനത്തിന്റെയോ മറ്റ് പ്രമാണത്തിന്റെയോ വിധിയുടെയോ ഉത്തരവിന്റെയോ അവാർഡിന്റെയോ നിബന്ധനകൾ അങ്ങനെയുള്ള വസ്തുവിൽ പരിമിതപ്പെടുത്തിയ ഒരു എസ്റ്റേറ്റിന് വ്യവസ്ഥ ചെയ്യുന്നിടത്ത്, ബാധകമാകുന്നതല്ല.

15. ഹിന്ദു സ്ത്രീകളുടെ സംഗതിയിൽ പിൻതുടർച്ചയുടെ സാമാന്യചട്ടങ്ങൾ.—(1) മരണശാസനം കൂടാതെ മരിക്കുന്ന ഒരു ഹിന്ദു സ്ത്രീയുടെ വസ്തു, 16-ാം വകുപ്പിൽ ചേർത്തിട്ടുള്ള ചട്ടങ്ങൾ അനുസരിച്ച്,—

(ക) ഒന്നാമത്, പുത്രൻമാരിലേക്കും പുത്രിമാരിലേക്കും (മുൻപ് മരിച്ച ഏതെങ്കിലും പുത്രന്റെയോ പുത്രിയുടെയോ കുട്ടികൾ ഉൾപ്പെടെ) ഭർത്താവിലേക്കും ;

(ഖ) രണ്ടാമത്, ഭർത്താവിന്റെ അനന്തരാവകാശികളിലേക്കും ;

(ഗ) മൂന്നാമത്, മാതാവിലേക്കും പിതാവിലേക്കും ;

(ഘ) നാലാമത്, പിതാവിന്റെ അനന്തരാവകാശികളിലേക്കും ;

(ങ) അവസാനമായി, മാതാവിന്റെ അനന്തരാവകാശികളിലേക്കും, സംക്രമിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും,—

(ക) ഒരു ഹിന്ദു സ്ത്രീയ്ക്ക് അവളുടെ പിതാവിൽ നിന്നോ മാതാവിൽ നിന്നോ അനന്തരാവകാശമായി ലഭിച്ച ഏതെങ്കിലും വസ്തു, മരിച്ച ആളുടെ ഏതെങ്കിലും പുത്രന്റെയോ പുത്രിയുടെയോ (മുൻപു മരിച്ച ഏതെങ്കിലും പുത്രന്റെയോ പുത്രിയുടെയോ കുട്ടികൾ ഉൾപ്പെടെ) അഭാവത്തിൽ (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള മറ്റു അനന്തരാവകാശികളിലേക്ക്, അതിൽ വിനിർദ്ദേശിച്ച ക്രമത്തിൽ സംക്രമിക്കുന്നതല്ലാത്തതും, എന്നാൽ പിതാവിന്റെ അനന്തരാവകാശികളിലേക്ക് സംക്രമിക്കുന്നതും ;

(ഖ) ഒരു ഹിന്ദു സ്ത്രീയ്ക്ക്, അവളുടെ ഭർത്താവിൽ നിന്നോ ഭർത്താവിന്റെ പിതാവിൽ നിന്നോ അനന്തരാവകാശമായി ലഭിച്ച ഏതെങ്കിലും വസ്തു, മരിച്ച ആളുടെ ഏതെങ്കിലും പുത്രന്റെയോ പുത്രിയുടെയോ (മുൻപ് മരിച്ച ഏതെങ്കിലും പുത്രന്റെയോ പുത്രിയുടെയോ കുട്ടികൾ ഉൾപ്പെടെ) അഭാവത്തിൽ (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള മറ്റു അനന്തരാവകാശികൾക്ക് അതിൽ വിനിർദ്ദേശിച്ച ക്രമത്തിൽ സംക്രമിക്കുന്നതല്ലാത്തതും എന്നാൽ ഭർത്താവിന്റെ അനന്തരാവകാശികളിലേക്ക് സംക്രമിക്കുന്നതും ആകുന്നു.

16. ഹിന്ദു സ്ത്രീകളുടെ അനന്തരാവകാശികൾക്കിടയിലെ പിൻതുടർച്ചാക്രമവും വീതിക്കുന്ന രീതിയും.—15-ാം വകുപ്പിൽ പരാമർശിച്ച അനന്തരാവകാശികൾക്കിടയിലെ പിൻതുടർച്ചാക്രമവും ആ അനന്തരാവകാശികൾക്കിടയിൽ മരണശാസനം കൂടാതെ മരിച്ച ആളുടെ വസ്തുവിന്റെ വീതിക്കൽ നടത്തുന്നതും താഴെ പറയുന്ന ചട്ടങ്ങൾ അനുസരിച്ചായിരിക്കുന്നതാണ്, അതായത് :—

ചട്ടം 1 —15-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള അനന്തരാവകാശികൾക്കിടയിൽ, ഒരു ഉൾക്കുറിപ്പിൽ ഉള്ളവർക്ക് തുടർന്നുവരുന്ന ഉൾക്കുറിപ്പിൽ ഉള്ളവരേക്കാൾ മുൻഗണന കിട്ടുന്നതും ഒരേ ഉൾക്കുറിപ്പിൽ ഉള്ളവർ ഒരുമിച്ച് എടുക്കുന്നതും ആകുന്നു.

ചട്ടം 2—മരണശാസനം കൂടാതെ മരിച്ച ആൾക്ക് മുൻപ് ആ ആളുടെ ഏതെങ്കിലും പുത്രനോ പുത്രിയോ മരിച്ചിട്ടുണ്ടാവുകയും അവന്റെയോ അവളുടെയോ കുട്ടികൾ മരണശാസനം കൂടാതെ മരിച്ച ആളുടെ മരണസമയത്ത് ജീവിച്ചിരിക്കുകയും ചെയ്യുകയാണെങ്കിൽ, മരണശാസനം കൂടാതെ മരിച്ച ആളുടെ മരണസമയത്ത് ജീവിച്ചിരുന്നുവെങ്കിൽ അങ്ങനെയുള്ള പുത്രനോ പുത്രിയോ എടുക്കുമായിരുന്ന ഓഹരി, അങ്ങനെയുള്ള പുത്രന്റെയോ പുത്രിയുടെയോ കുട്ടികൾ എല്ലാവരുംകൂടി എടുക്കുന്നതാകുന്നു.

ചട്ടം 3 —15-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് (ഖ), (ഘ), (ങ) എന്നീ ഖണ്ഡങ്ങളിലും (2)-ാം ഉപവകുപ്പിലും പരാമർശിച്ച അനന്തരാവകാശികളിലേക്ക് മരണശാസനം കൂടാതെ മരിച്ച ആളുടെ വസ്തു സംക്രമിക്കുന്നത്, ആ വസ്തു, അതതുസംഗതിപോലെ, പിതാവിന്റെയോ മാതാവിന്റെയോ ഭർത്താവിന്റെയോ ആയിരിക്കുകയും അങ്ങനെയുള്ള ആൾ മരണശാസനം കൂടാതെ മരിച്ച ആളുടെ മരണത്തിനു തൊട്ടു പിൻപ് ആ വസ്തു സംബന്ധിച്ച് മരണശാസനം കൂടാതെ മരിക്കുകയും ചെയ്തിരുന്നുവെങ്കിൽ ബാധകമാകുമായിരുന്ന അതേ ക്രമത്തിലും അതേ ചട്ടങ്ങൾ അനുസരിച്ചും ആയിരിക്കുന്നതാണ്.

17. മരുമക്കത്തായ നിയമത്താലും അളിയസന്താന നിയമത്താലും അനുശാസിതരായ ആളുകളെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ.—8, 10, 15, 23 എന്നീ വകുപ്പുകളിലെ വ്യവസ്ഥകൾക്ക്, ഈ ആക്റ്റ് പാസ്സാക്കിയിട്ടില്ലായിരുന്നുവെങ്കിൽ, മരുമക്കത്തായ നിയമത്താലോ അളിയസന്താന നിയമത്താലോ അനുശാസിതരാകുമായിരുന്ന ആളുകളെ സംബന്ധിച്ച്—

(i) 8-ാം വകുപ്പിന്റെ (ഗ), (ഘ) എന്നീ ഉപഖണ്ഡങ്ങൾക്കു പകരം, താഴെ പറയുന്നത്, അതായത് :—

"(ഗ) മൂന്നാമത് ഈ രണ്ടു ക്ലാസ്സുകളിൽ ഏതെങ്കിലുമുള്ള യാതൊരു അനന്തരാവകാശിയും ഇല്ലെങ്കിൽ അയാളുടെ സംബന്ധി, അവർ ജ്ഞാതികളായാലും ബന്ധുക്കളായാലും," ചേർക്കുകയും ;

(ii) 15-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ (ക) മുതൽ (ങ) വരെയുള്ള ഖണ്ഡങ്ങൾക്കു പകരം താഴെ പറയുന്നവ, അതായത് :—

"(ക) ഒന്നാമത്, പുത്രൻമാർക്കും പുത്രിമാർക്കും (മുൻപ് മരിച്ച ഏതെങ്കിലും പുത്രന്റെയോ പുത്രിയുടെയോ കുട്ടികൾ ഉൾപ്പെടെ) മാതാവിനും;

(ഖ) രണ്ടാമത്, പിതാവിനും ഭർത്താവിനും ;

(ഗ) മൂന്നാമത്, മാതാവിന്റെ അനന്തരാവകാശികൾക്കും ;

(ഘ) നാലാമത്, പിതാവിന്റെ അനന്തരാവകാശികൾക്കും ;

(ങ) അവസാനമായി ഭർത്താവിന്റെ അനന്തരാവകാശികൾക്കും;" ചേർക്കുകയും,

(iii) 15-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിലെ (ക) ഖണ്ഡം വിട്ടുകളയുകയും ;

(iv) 23-ാം വകുപ്പ് വിട്ടുകളയുകയും,

ചെയ്തിരുന്നാലെന്നപോലെ പ്രഭാവമുണ്ടായിരിക്കുന്നതാണ്.

## പിൻതുടർച്ച സംബന്ധിച്ച സാമാന്യ വ്യവസ്ഥകൾ

18. പൂർണ്ണരക്തത്തിന് അർദ്ധരക്തത്തേക്കാൾ മുൻഗണന കിട്ടുമെന്ന്.—ബന്ധത്തിന്റെ സ്വഭാവം മറ്റേതുപ്രകാരത്തിലും ഒരേപോലെയുള്ളതാണെങ്കിൽ, മരണശാസനം കൂടാതെ മരിച്ച ആളോട് പൂർണ്ണരക്തത്താൽ ബന്ധപ്പെട്ട അനന്തരാവകാശികൾക്ക് അർദ്ധരക്തത്താൽ ബന്ധപ്പെട്ട അനന്തരാവകാശികളെക്കാൾ മുൻഗണന നൽകേണ്ടതാണ്.

19. രണ്ടോ അതിലധികമോ അനന്തരാവകാശികളുടെ പിൻതുടർച്ചയുടെ രീതി.—മരണശാസനം കൂടാതെ മരിച്ച ആളുടെ വസ്തുവിന് രണ്ടോ അതിലധികമോ അനന്തരാവകാശികൾ ഒരുമിച്ച് പിൻതുടർച്ചക്കാരാകുന്നുവെങ്കിൽ, അവർ,—

(ക) ഈ ആക്റ്റിൽ മറ്റുവിധത്തിൽ പ്രകടമായി വ്യവസ്ഥ ചെയ്തിട്ടുള്ളിടത്ത് ഒഴികെ, ആളോഹരിയായും ശാഖാ ഓഹരിയായല്ലാതെയും;

(ഖ) ടെനന്റ്സ് - ഇൻ - കോമൺ ആയും ജോയിന്റ് ടെനന്റ്സ് ആയല്ലാതെയും, വസ്തു എടുക്കുന്നതാകുന്നു.

20. ഗർഭസ്ഥ ശിശുവിന്റെ അവകാശം.—മരണശാസനം കൂടാതെ മരിക്കുന്ന ആളുടെ മരണ സമയത്ത് ഗർഭത്തിലായിരിക്കുകയും പിന്നീട് ജീവനോടെ ജനിക്കുകയും ചെയ്യുന്ന കുട്ടിക്ക്, അവനോ അവളോ മരണശാസനം കൂടാതെ മരിച്ച ആളുടെ മരണത്തിനുമുൻപ് ജനിച്ചിരുന്നാലെന്നപോലെ മരണ ശാസനം കൂടാതെ മരിക്കുന്ന ആളുടെ അനന്തരാവകാശത്തിന് അതേ അവകാശം ഉണ്ടായിരിക്കുന്നതും, അങ്ങനെയുള്ളസംഗതിയിൽ, അനന്തരാവകാശം, മരണശാസനം കൂടാതെ മരിച്ച ആളുടെ മരണ തീയതി മുതൽ ഫലത്തിൽ വരത്തക്കവിധം നിക്ഷിപ്തമായിരിക്കുന്നതായി കരുതപ്പെടുന്നതും ആകുന്നു.

21. ഒരേ സമയത്തുള്ള മരണങ്ങളുടെ സംഗതികളിലുള്ള അനുമാനം.—രണ്ട് ആളുകൾ, അവരിൽ ഒരാൾ മറ്റേയാളെ അതിജീവിച്ചു എന്നോ, അങ്ങനെ ആണെങ്കിൽ അതിജീവിച്ചത് ആരാണെന്നോ അനിശ്ചിതമാകുന്ന സാഹചര്യങ്ങളിൽ മരിക്കുന്നിടത്ത്, വസ്തുവിന്റെ പിൻതുടർച്ചയെ ബാധിക്കുന്ന എല്ലാ ആവശ്യങ്ങൾക്കും പ്രായക്കുറവുള്ള ആൾ പ്രായം കൂടിയ ആളെ അതിജീവിച്ചു എന്ന് വിരുദ്ധമായത് തെളിയിക്കുന്നതുവരെ, അനുമാനിക്കേണ്ടതാണ്.

22. ചില സംഗതികളിൽ വസ്തു ആർജ്ജിക്കുന്നതിൽ മുൻഗണനാവകാശം.—(1) ഈ ആക്റ്റിന്റെ പ്രാരംഭത്തിനുശേഷം മരണശാസനം കൂടാതെ മരിക്കുന്ന ഒരാളുടെ ഏതെങ്കിലും സ്ഥാവര വസ്തുവിൽ അല്ലെങ്കിൽ അവനോ അവളോ നടത്തിക്കൊണ്ടുപോന്നിരുന്ന ഏതെങ്കിലും ബിസിനസ്സിൽ, അത് തനിച്ചോ മറ്റുള്ളവരുമായി ചേർന്നോ ആയാലും, ഉള്ള ഒരു അവകാശം, പട്ടികയുടെ ക്ലാസ്സ് I-ൽ വിനിർദ്ദേശിച്ച രണ്ടോ അതിൽ അധികമോ അനന്തരാവകാശികളിലേക്ക് സംക്രമിക്കുകയും അങ്ങനെയുള്ള അനന്തരാവകാശികളിൽ, ഏതെങ്കിലും ഒരാൾ ആ വസ്തുവിലോ ബിസിനസ്സിലോ ഉള്ള അവന്റെയോ അവളുടെയോ അവകാശം കൈമാറ്റം ചെയ്യുവാൻ ഉദ്ദേശിക്കുകയും ചെയ്യുന്നിടത്ത്, കൈമാറ്റം ചെയ്യുവാൻ ഉദ്ദേശിച്ച അവകാശം ആർജ്ജിക്കുന്നതിന് മറ്റ് അനന്തരാവകാശികൾക്ക് ഒരു മുൻഗണനാവകാശം ഉണ്ടായിരിക്കുന്നതാണ്.

(2) മരിച്ചആളുടെ വസ്തുവിലുള്ള ഏതെങ്കിലും അവകാശം ഈ വകുപ്പിൻകീഴിൽ കൈമാറ്റം ചെയ്യുന്നതിനുള്ള പ്രതിഫലം, കക്ഷികൾ തമ്മിലുള്ള ഏതെങ്കിലും കരാറിന്റെ അഭാവത്തിൽ, ഇതിലേക്ക് കോടതിയിൽ കൊടുക്കുന്ന അപേക്ഷയിൻമേൽ കോടതി തീരുമാനിക്കേണ്ടതും, അവകാശം ആർജ്ജിക്കുവാൻ ഉദ്ദേശിക്കുന്ന ഏതെങ്കിലും ആൾ അപ്രകാരം തീരുമാനിക്കപ്പെട്ട പ്രതിഫലത്തിന് അത് ആർജ്ജിക്കുവാൻ ഒരുക്കമല്ലെങ്കിൽ, അങ്ങനെയുള്ള ആൾ അപേക്ഷയുടെയോ അതിന് ആനുഷംഗിക മായതോ ആയ എല്ലാ ചെലവും കൊടുക്കുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതും ആകുന്നു.

(3) ഈ വകുപ്പിൽകീഴിൽ ഏതെങ്കിലും അവകാശം ആർജ്ജിക്കുവാൻ ഉദ്ദേശിക്കുന്നവരായി പട്ടികയിലെ ക്ലാസ്സ് I-ൽ വിനിർദ്ദേശിച്ചിട്ടുള്ള രണ്ടോ അതിലധികമോ അനന്തരാവകാശികൾ ഉണ്ടെങ്കിൽ, ഏത് അനന്തരാവകാശിയാണോ കൈമാറ്റത്തിന് ഏറ്റവും കൂടുതൽ പ്രതിഫലം വാഗ്ദാനം ചെയ്യുന്നത്, ആ അനന്തരാവകാശിക്ക് മുൻഗണന നൽകേണ്ടതാണ്.

വിശദീകരണം.—ഈ വകുപ്പിൽ 'കോടതി' എന്നാൽ ഏത് കോടതിയുടെ അധികാരിതയുടെ അതിർത്തിക്കുള്ളിലാണോ സ്ഥാവരവസ്തു സ്ഥിതി ചെയ്യുകയോ ബിസിനസ് നടത്തിക്കൊണ്ട് പോരുകയോ ചെയ്യുന്നത്, ആ കോടതി എന്നർത്ഥമാകുന്നതും, അതിൽ ഇതിലേക്ക് സംസ്ഥാനസർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി വിനിർദ്ദേശിക്കാവുന്ന മറ്റേതെങ്കിലും കോടതി ഉൾപ്പെടുന്നതുമാകുന്നു.

23. [1][****]

24. [2][*** ***]

25. കൊലപാതകി അയോഗ്യനാക്കപ്പെട്ടിരിക്കുന്നു.—കൊലപാതകം നടത്തുകയോ കൊലപാതകം നടത്താൻ പ്രേരണ നൽകുകയോ ചെയ്യുന്ന ഏതൊരാളും, കൊല ചെയ്യപ്പെട്ട ആളുടെ ഏത് വസ്തുവിന്റെയോ മറ്റേതെങ്കിലും വസ്തുവിന്റെയോ പിൻതുടർച്ച മുന്നോട്ട് കൊണ്ടുപോകുന്നതിനു വേണ്ടിയാണോ അവനോ അവളോ കൊലപാതകം നടത്തുകയോ നടത്തുവാൻ പ്രേരണ നൽകുകയോ ചെയ്തത്, ആ വസ്തുവിന് അനന്തരാവകാശിയാകുന്നതിന് അയോഗ്യനാകുന്നതാണ്.

26. മതപരിവർത്തനം ചെയ്ത ആളുടെ സന്തതികൾ അയോഗ്യരാക്കപ്പെട്ടിരിക്കുന്നു.—ഈ ആക്റ്റിന്റെ പ്രാരംഭത്തിനുമുൻപോ പിൻപോ, ഒരു ഹിന്ദു മറ്റൊരു മതത്തിലേക്കുള്ള പരിവർത്തനത്താൽ ഹിന്ദുവല്ലാതായി തീർന്നിട്ടുണ്ടായിരിക്കുകയോ തീരുകയോ ചെയ്യുന്നിടത്ത്, അങ്ങനെയുള്ള മതപരിവർത്തനത്തിനുശേഷം അവനോ അവൾക്കോ ജനിച്ച കുട്ടികളും അവരുടെ സന്തതികളും, പിൻതുടർച്ച അനാവൃതമാകുന്ന സമയത്ത് അങ്ങനെയുള്ള കുട്ടികളോ സന്തതികളോ ഹിന്ദുക്കളല്ലാത്തപക്ഷം അവരുടെ ഹിന്ദുവായ ഏതെങ്കിലും സംബന്ധികളുടെ വസ്തുവിന് അനന്തരാവകാശിയാകുന്നതിന് അയോഗ്യരാക്കേണ്ടതാണ്.

27. അനന്തരാവകാശി അയോഗ്യനാകുമ്പോഴുള്ള പിൻതുടർച്ച.—ഏതെങ്കിലും വസ്തുവിന് അനന്തരാവകാശിയാകുന്നതിൽനിന്നും ഈ ആക്റ്റിൻകീഴിൽ ഏതെങ്കിലും ആൾ അയോഗ്യനാണെങ്കിൽ, ആ വസ്തു അങ്ങനെയുള്ള ആൾ മരണശാസനം കൂടാതെ മരിച്ച ആൾക്ക് മുൻപ് മരിച്ചിരുന്നാലെന്നപോലെ സംക്രമിക്കുന്നതാകുന്നു.

28. രോഗം, ന്യൂനത, മുതലായവ അയോഗ്യരാക്കുകയില്ലെന്ന്.—ഏതെങ്കിലും രോഗമോ ന്യൂനതയോ അംഗവൈകല്യമോ കാരണമായോ ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്ത വിധമൊഴികെ മറ്റേതെങ്കിലും കാരണമായോ, അത് എന്തുതന്നെ ആയാലും, യാതൊരാൾക്കും ഏതെങ്കിലും വസ്തു പിൻതുടർച്ചവഴി കിട്ടുന്നതിന് അയോഗ്യതയുണ്ടാകുന്നതല്ല.

### എസ്ചീറ്റ്

29. അനന്തരാവകാശികളുടെ അഭാവം.—മരണശാസനം കൂടാതെ മരിക്കുന്ന ഒരാൾക്ക്, അവന്റെയോ അവളുടെയോ വസ്തു, ഈ ആക്റ്റിലെ വ്യവസ്ഥകൾ അനുസരിച്ച് പിൻതുടർച്ചയായി ലഭിക്കുവാൻ യോഗ്യതയുള്ള യാതൊരു അനന്തരാവകാശിയും ഇല്ലെങ്കിൽ, അങ്ങനെയുള്ള വസ്തു സർക്കാരിൽ സംക്രമിക്കുന്നതും സർക്കാർ ആ വസ്തു, ഒരു അനന്തരാവകാശി ഏത് കടപ്പാടുകൾക്കും ബാദ്ധ്യതകൾക്കും വിധേയനാകുമായിരുന്നുവോ, അവയ്ക്കു വിധേയമായി എടുക്കുന്നതുമാകുന്നു.

## അദ്ധ്യായം III

### മരണപത്രപ്രകാരമുള്ള പിൻതുടർച്ച

30. മരണപത്രപ്രകാരമുള്ള പിൻതുടർച്ച.—ഏതെങ്കിലും ഹിന്ദുവിന് മരണ ശാസനമോ മരണപത്രപ്രകാരമുള്ള മറ്റു വിനിയോഗമോ വഴി 1925-ലെ ഇൻഡ്യൻ പിൻതുടർച്ച ആക്റ്റിലെ (1925-ലെ 39) വ്യവസ്ഥകളോ തൽസമയം പ്രാബല്യത്തിലിരിക്കുകയും ഹിന്ദുക്കൾക്ക് ബാധകമാകുകയും ചെയ്യുന്ന മറ്റേതെങ്കിലും നിയമമോ അനുസരിച്ച് [3][അയാൾക്കോ അല്ലെങ്കിൽ അവൾക്കോ അങ്ങനെ വിനിയോഗം ചെയ്യുവാൻ] സമർത്ഥതയുള്ള ഏതെങ്കിലും വസ്തു, വിനിയോഗം ചെയ്യാവുന്നതാണ്.

1. 2005-ലെ 39-ാം ആക്റ്റ്, 4-ാം വകുപ്പുപ്രകാരം പകരം വിട്ടുകളഞ്ഞത്.
2. 2005-ലെ 39-ാം ആക്റ്റ്, 5-ാം വകുപ്പുപ്രകാരം വിട്ടുകളഞ്ഞത്.
3. 2005-ലെ 39-ാം ആക്റ്റ്, 6-ാം വകുപ്പുപ്രകാരം പകരം ചേർത്തത്.

വിശദീകരണം.—ഒരു മിതാക്ഷരകൂട്ടുദായ വസ്തുവിലെ ഒരു ഹിന്ദു പുരുഷന്റെ അവകാശമോ തറവാടിന്റെയോ താവഴിയുടെയോ ഇല്ലത്തിന്റെയോ കുടുംബത്തിന്റെയോ കവരിന്റെയോ വസ്തുവിലുള്ള ഒരു തറവാടിലെയോ താവഴിയിലെയോ ഇല്ലത്തിലെയോ കുടുംബത്തിലെയോ കവരിലെയോ ഒരു അംഗത്തിന്റെ അവകാശമോ ഈ ആക്റ്റിലോ തൽസമയം പ്രാബല്യത്തിലിരിക്കുന്ന മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ വകുപ്പിന്റെ അർത്ഥത്തിൽ അവനോ അവൾക്കോ വിനിയോഗം ചെയ്യുവാൻ സമർത്ഥതയുള്ള വസ്തുവായി കരുതപ്പെടുന്നതാകുന്നു.

## അദ്ധ്യായം IV

## റദ്ദാക്കലുകൾ

31. റദ്ദാക്കലുകൾ.—[1960-ലെ റദ്ദാക്കലും ഭേദഗതി ചെയ്യലും ആക്റ്റിന്റെ (1960-ലെ 58) 2-ാം വകുപ്പും ഒന്നാം പട്ടികയും പ്രകാരം റദ്ദാക്കപ്പെട്ടു.]

## പട്ടിക

(8-ാം വകുപ്പ് കാണുക)

ക്ലാസ്സ് I-ലെയും ക്ലാസ്സ് II-ലെയും അനന്തരാവകാശികൾ

### ക്ലാസ്സ് I

പുത്രൻ; പുത്രി; വിധവ; മാതാവ്; മുൻപ് മരിച്ച പുത്രന്റെ പുത്രൻ; മുൻപ് മരിച്ച പുത്രന്റെ പുത്രി; മുൻപ് മരിച്ച പുത്രിയുടെ പുത്രൻ; മുൻപ് മരിച്ച പുത്രിയുടെ പുത്രി; മുൻപ് മരിച്ച പുത്രന്റെ വിധവ; മുൻപ് മരിച്ച പുത്രന്റെ മുൻപ് മരിച്ച പുത്രന്റെ പുത്രൻ; മുൻപ് മരിച്ച പുത്രന്റെ മുൻപ് മരിച്ച പുത്രന്റെ പുത്രി; മുൻപ് മരിച്ച പുത്രന്റെ മുൻപ് മരിച്ച പുത്രന്റെ വിധവ; [1][മുൻപ് മരിച്ച പുത്രിയുടെ മുൻപ് മരിച്ച പുത്രിയുടെ പുത്രൻ; മുൻപ് മരിച്ച പുത്രിയുടെ മുൻപ് മരിച്ച പുത്രിയുടെ പുത്രി; മുൻപ് മരിച്ച പുത്രിയുടെ മുൻപ് മരിച്ച പുത്രന്റെ പുത്രി; മുൻപ് മരിച്ച പുത്രന്റെ മുൻപ് മരിച്ച പുത്രിയുടെ പുത്രി.]

### ക്ലാസ്സ് II

I. പിതാവ്

II. (1) പുത്രന്റെ പുത്രിയുടെ പുത്രൻ
(2) പുത്രന്റെ പുത്രിയുടെ പുത്രി
(3) സഹോദരൻ
(4) സഹോദരി

III. (1) പുത്രിയുടെ പുത്രന്റെ പുത്രൻ
(2) പുത്രിയുടെ പുത്രന്റെ പുത്രി
(3) പുത്രിയുടെ പുത്രിയുടെ പുത്രൻ
(4) പുത്രിയുടെ പുത്രിയുടെ പുത്രി

1. 2005-ലെ 39-ാം ആക്റ്റ്, 7-ാം വകുപ്പുപ്രകാരം കൂട്ടിച്ചേർത്തത്.

IV. (1) സഹോദരന്റെ പുത്രൻ

(2) സഹോദരിയുടെ പുത്രൻ

(3) സഹോദരന്റെ പുത്രി

(4) സഹോദരിയുടെ പുത്രി

V. പിതാവിന്റെ പിതാവ്; പിതാവിന്റെ മാതാവ്

VI. പിതാവിന്റെ വിധവ; സഹോദരന്റെ വിധവ

VII. പിതാവിന്റെ സഹോദരൻ; പിതാവിന്റെ സഹോദരി

VIII. മാതാവിന്റെ പിതാവ്; മാതാവിന്റെ മാതാവ്

IX. മാതാവിന്റെ സഹോദരൻ; മാതാവിന്റെ സഹോദരി.

വിശദീകരണം.—ഈ പട്ടികയിൽ, ഒരു സഹോദരനെയോ സഹോദരിയെയോ കുറിച്ചുള്ള പരാമർശങ്ങളിൽ ഏകോദരരക്തത്താലുള്ള ഒരു സഹോദരനെയോ സഹോദരിയെയോ കുറിച്ചുള്ള പരാമർശങ്ങൾ ഉൾപ്പെടുന്നതല്ല.

# HINDU SUCESSION ACT, 1956

(Act No. 30 of 1956)

## ഹിന്ദു പിൻതുടർച്ച ആക്റ്റ്

(1956-ലെ 30-ാം നമ്പർ ആക്റ്റ്)

## GLOSSARY

| | | | |
|---|---|---|---|
| 1. | Abet | പ്രേരണ നൽകുക | Sn.25 |
| 2. | Absolutely | പൂർണ്ണാവകാശത്തോടെ | Sn.7 Exp. |
| 3. | Absolute property | പൂർണ്ണാവകാശമുള്ള വസ്തു | Sn.14 |
| 4. | Acquire | ആർജ്ജിക്കുക | Sn.22 (1) |
| 5. | Agnate | ജ്ഞാതി | Sn.3 (1)(a) |
| 6. | Agreement | കരാർ | Sn.5 (ii) |
| 7. | Allot | വീതംവയ്ക്കുക | Sn.6(3) Exp. |
| 8. | Cognate | ബന്ധു | Sn.3 (1) (c) |
| 9. | Convert | മതപരിവർത്തനം ചെയ്ത ആൾ | Sn.25 |
| 10. | Coparcenery property | കൂട്ടുദായ വസ്തു | Sn.6 |
| 11. | Covenant | ഉടമ്പടി | Sn.5 (ii) |
| 12. | Degree of ascent | ആരോഹണ പരമ്പരയിലെ ഡിഗ്രി | Sn.13 (1) |
| 13. | Degree of descent | അവരോഹണ പരമ്പരയിലെ ഡിഗ്രി | Sn.13 (1) |
| 14. | Descent | പാരമ്പര്യം | Sn.3 (h) |
| 15. | Divided | വിഭക്തമായ | Sn.7(3) Exp. |
| 16. | Exertion | പ്രയത്നം | Sn.14(1) Exp. |
| 17. | Failure | അഭാവം | Sn.29 |
| 18. | Female line | പെൺവഴി | Sn.3 (1) (h)(b) |
| 19. | Full blood | പൂർണ്ണരക്തം | Sn.3(1)(e) |
| 20. | Governed | അനുശാസിക്കപ്പെട്ട | Sn. 6 (3) |
| 21. | Half blood | അർദ്ധ രക്തം | Sn.3 (1)(e) |
| 22. | In furtherance of | മുന്നോട്ടുകൊണ്ടുപോകുന്നതിന് | Sn.25 |
| 23. | Intestate | മരണശാസനം കൂടാതെ മരിച്ച ആൾ | Sn.3(1) (g) |
| 24. | Intestate succession | മരണശാസനം കൂടാതെയുള്ള പിൻതുടർച്ച | Heading above Sn.5 |
| 25. | Kinship | കുലബന്ധം | Sn.3 (1) (j) |
| 26. | Maintenance | സംരക്ഷണം | Sn.14 (1) Exp. |
| 27. | Per stripes | ശാഖ-ഓഹരി | Sn.19 (a) |
| 28. | Pious obligation | ധാർമ്മികമായ കടമ | Sn. 6 (4) |
| 29. | Pre-deceased | മുമ്പു മരിച്ച | Sn.10 |
| 30. | Prescription | ചിരാനുഭോഗം | Sn.14 (1) Exp. |
| 31. | Purchase | ക്രയം | Sn.14 (1) Exp. |
| 32. | Skill | നൈപുണ്യം | Sn.14 (1) Exp. |
| 33. | Sthanamdar | സ്ഥാനി | Sn.7 (3) |
| 34. | Survivorship | അതിജീവത്വം | Sn.6 (3) |
| 35. | Testamentary disposition | മരണപത്രപ്രകാരമുള്ള വിനിയോഗം | Sn.3 (1) (g) |
| 36. | Undivided | അവിഭക്തമായ | Sn.7 (3) Exp. |
| 37. | Uterine blood | ഏകോദര രക്തം | Sn.3 (1) (e) |
| 38. | Will | മരണശാസനം | Sn.14 (2) |